ക്ലാസ്സ് **8**

# മതബോധനകേന്ദ്രം

## മാനന്തവാടി രൂപത

## First Semester Examination 2024-25

| |
|---|
| ആകെ മാർക്ക് : 80 |
| പാർട്ട് 1 : 60 |
| പാർട്ട് 2 : 20 |
| സമയം : 2 മണിക്കൂർ |

### പാർട്ട് 1

**1 മുതൽ 20 വരെ ചോദ്യങ്ങൾക്ക് 1 മാർക്ക് വീതം.** **20×1=20**

**ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.**

1. ഇസ്രായേൽ എന്ന നാമം നൽകിയത് ആർക്ക്?
(ഇസഹാക്ക്, യാക്കോബ്, ഏസാവ്)

2. ...................................... ആകുന്ന അടിസ്ഥാനത്തിന്മേലാണ് ഈശോ സഭ സ്ഥാപിച്ചത്?
(ശ്ലീഹന്മാർ, ഡീക്കന്മാർ, പുരോഹിതന്മാർ)

3. പാപമോചനത്തിന്റെയും രക്ഷയുടെയും ഫലം സ്വന്തമാക്കാനും അനുഭവിക്കാനുമുള്ള ഉപാധി?
(ദൈവകൽപ്പനകൾ, ജപമാല, കൂദാശകൾ)

4. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാണ്." ഏറ്റുപറഞ്ഞതാര്?
(യോഹന്നാൻ, യാക്കോബ്, ശിമയോൻ പത്രോസ്)

5. കല്ലെറിയാൻ ജനങ്ങൾ പാഞ്ഞടുത്തപ്പോഴും ശാന്തനായി പ്രാർത്ഥിച്ച് രക്തസാക്ഷിയായത്?
(സ്തേഫാനോസ്, ബർണ്ണാബാസ്, ലൂക്കാ)

**ആരുടെ വാക്കുകൾ?**

6. "യഹൂദ ജനങ്ങളെ, ജറുസലേമിൽ വസിക്കുന്നവരെ ഇതു മനസ്സിലാക്കുവിൻ. നിങ്ങൾ വിചാരിച്ചതുപോലെ ഇവർ ലഹരി പിടിച്ചവരല്ല."
7. "അപരന് നന്മ ചെയ്യാൻ പറ്റാത്ത ദിവസം നിന്റെ ആയുസ്സിന്റെ കണക്കിൽ കൂട്ടേണ്ടതില്ല."
8. "അഞ്ച് ബാർലിയപ്പവും രണ്ട് മീനും കൈവശമുള്ള ഒരു കുട്ടി ഇവിടെയുണ്ട്."
9. "രണ്ട് വസ്ത്രമുള്ളവൻ ഇല്ലാത്തവനുമായി പങ്ക് വെക്കട്ടെ, ഭക്ഷണമുള്ളവനും അങ്ങനെ തന്നെ ചെയ്യട്ടെ."
10. "കർത്താവേ, ഞാൻ കേവലം ബാലനാണ്. സംസാരിക്കാൻ എനിക്ക് പാടവമില്ല."

**ഉചിതമായവ ചേർത്തെഴുതുക.**

| | | | |
|---|---|---|---|
| 11. | വിളിച്ചു ചേർക്കപ്പെട്ടവരുടെ സമൂഹം | - | തിരിച്ചു വരവ് |
| 12. | രക്ഷ | - | പിതാവേ |
| 13. | മെത്തനോയിയ | - | കഹാൽ |
| 14. | ആബാ | - | വിമോചനം |

**പൂരിപ്പിക്കാം.**

15. ദൈവത്തിന്റെ അത്യുത്തമ വെളിപാടാണ് ..................................
16. സാവൂളിന്റെ ഗുരുവായിരുന്നു .........................
17. തന്നെതന്നെ വെളിപ്പെടുത്തുന്ന ദൈവത്തിന് മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ് .......................
18. ............................. പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ പിറന്നിരിക്കുന്നു.
19. .................................. ഇസ്രായേൽക്കാർക്ക് രക്ഷയിൽ നിലനിൽക്കുന്നതിനുള്ള മാർഗ്ഗങ്ങളായിരുന്നു.
20. ദൈവത്തിന് ആരാധനയർപ്പിക്കാൻ മാറ്റി നിർത്തപ്പെട്ടവനായിരുന്നു പഴയനിയമത്തിൽ ..................................

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.** **4×2=8**

21. അബ്രാഹം ദൈവസന്നിധിയിൽ സ്വീകാര്യനാകാൻ കാരണമെന്ത്?

22. യേശു പരസ്യജീവിതത്തിന്റെ ആരംഭത്തിൽ ജനങ്ങൾക്ക് നൽകിയ ആഹ്വാനം എന്തായിരുന്നു?

23. നമ്മൾ എങ്ങനെയാണ് പ്രവാചക ജനമാകുന്നത്?

24. ആദിമസഭയുടെ ജീവിതശൈലി സൂചിപ്പിക്കുന്ന 2 കാര്യങ്ങൾ എഴുതുക.

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.** 4×3=12

25. 'എക്ലേസിയ' എന്ന പദം ഉൾകൊള്ളുന്ന മൂന്ന് ആശയങ്ങൾ ഏവ?

26. സഭ എല്ലാവർക്കും രക്ഷ നൽകുന്ന അടയാളവും ഉപകരണവുമായി നിലകൊള്ളുന്നതെങ്ങനെ?

27. സാവൂളിനുണ്ടായ ദൈവിക ദർശനം അദ്ദേഹത്തിന് വെളിപ്പെടുത്തി കൊടുത്തതെന്ത്?

28. വി. കൂദാശകൾ എങ്ങനെയാണ് നമ്മെ ആത്മാവിൽ നിറയ്ക്കുന്നത്?

**ഒരു ഖണ്ഡികയിൽ (Paragraph) ഉത്തരമെഴുതുക.** 2×5=10

29. "മിശിഹായുടെ ശരീരമായി തീർന്നിരിക്കുന്ന സഭയുടെ അടിസ്ഥാന സ്വഭാവമാണ് പങ്കുവെയ്ക്കൽ". വിശദീകരിക്കുക.

30. അൽമായർക്ക് തങ്ങളുടെ പ്രവാചക ദൗത്യം എങ്ങനെയെല്ലാം നിർവ്വഹിക്കാം.

**ഉപന്യസിക്കുക.** 1×10=10

31. സഭ പുരോഹിത ജനമാണ്. വിശദമാക്കുക.
(പഴയനിയമത്തിലെ പുരോഹിതർ, പുരോഹിതന്റെ ധർമ്മം, ഇസ്രായേൽ പുരോഹിത ജനം, ഈശോയുടെ പൗരോഹിത്യം, നമ്മൾ പുരോഹിത ജനം, ശുശ്രൂഷ പൗരോഹിത്യം)

## പാർട്ട് 2

**ഒറ്റ വാക്കിൽ ഉത്തരമെഴുതുക.** 5×1=5

32. തിരുസഭയിലെ ഏറ്റവും വലിയ മിഷനറി.

33. സഭയിൽ ക്രിസ്തുമസ് ആഘോഷിക്കാൻ തുടങ്ങിയ നൂറ്റാണ്ട്.

34. കർത്താവിന്റെ കുരിശ് കണ്ടെത്തിയ രാജ്ഞി.

35. പാശ്ചാത്യ ആശ്രമജീവിതത്തിന്റെ പിതാവ്.

36. പാശ്ചാത്യ സഭയിൽ കാവൽ ദിനങ്ങൾ എന്ന് അറിയപ്പെടുന്നത്.

37. ചാവറയച്ചൻ തന്റെ സാമൂഹ്യ പരിഷ്ക്കരണ പ്രവർത്തനം ആരംഭിച്ചത് തന്റെ വിദ്യാഭ്യാസ പ്രവർത്തനത്തിലൂടെയാണ്. ഒരു ലഘുക്കുറിപ്പ് തയ്യാറാക്കുക. 3

38. വി. ജോൺ മരിയ വിയാനി കൂടുതൽ സമയം കുമ്പസാരക്കൂട്ടിൽ ഇരിക്കാൻ കാരണം. 2

39. വി. മർക്കോസിന്റെ സുവിശേഷത്തിൽ നിങ്ങളെ സ്പർശിച്ച രണ്ട് വാക്യങ്ങൾ എഴുതുക. (അധ്യായവും വാക്യവും ഉൾപ്പെടെ) 5

40. പരിശുദ്ധാരൂപിക്കെതിരായ പാപങ്ങൾ എത്ര? ഏതെങ്കിലും 4 എണ്ണം എഴുതുക. 5